ഉത്തരം

(എ)&(ബി) ഉണ്ട്. തിരുവനന്തപുരത്തുനിന്നും മംഗലാപുരത്തേയ്ക്ക് പോകുന്ന പരശുറാം എക്സ്പ്രസ് ജൂലൈ 1 മുതൽ കണ്ണൂരിൽ യാത്ര അവസാനിപ്പിക്കാൻ താല്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് മുഖ്യമന്ത്രി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ അധികൃതർ ഈ തീരുമാനം പിൻവലിക്കുകയും ചെയ്തു. പരശുറാം എക്സ്പ്രസ് മംഗലാപുരം വരെ തൽക്കാലം യാത്ര തുടരുമെന്നും ഓണത്തിനുശേഷം കാസർഗോഡ് യാത്ര അവസാനിപ്പിക്കാൻ താൽക്കാലികമായി തീരുമാനമെടുത്തിട്ടുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

96 (1828) ട്രെയിൻ യാത്രാ ദുരിതത്തിനെതിരെ പ്രതിഷേധം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ യാത്രയുടെ ദുരിതത്തിനെതിരെ പ്രതിഷേധിച്ച എത്ര പേരുടെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അകാരണമായിട്ടാണ് ഇപ്രകാരം കേസ് എടുത്തിട്ടുള്ളതെന്ന വസ്തുത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിനെതിരെ എന്തെങ്കിലും നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഭാവിയിൽ അകാരണമായിട്ട് യാത്രക്കാരുടെമേൽ ഇത്തരം കേസുകൾ രജിസ്റ്റർ ചെയ്യുന്നത് തടയുവാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്ന് സംഭവങ്ങളിലായി 171-ഓളം പേരുടെ പേരിൽ മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അകാരണമായി കേസ് എടുത്തിട്ടില്ലെന്നും നിയമം ലംഘിച്ചതിനാലാണ് ഈ സംഭവങ്ങളിൽ കേസെടുത്തിട്ടുള്ളതെന്നുമാണ് റെയിൽവേ അധികൃതർ അറിയിച്ചിട്ടുള്ളത്.

(സി) ബാധകമല്ല.

(ഡി) യാത്രക്കാരും റെയിൽവേ അധികൃതരും തമ്മിലുള്ള സംഘർഷം ഒഴിവാക്കാൻ ഉതകുന്ന രീതിയിലുള്ള ഒരു ചർച്ച ഗതാഗതവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ റെയിൽവേ മാനേജരും പാസഞ്ചേഴ്സ് അസോസിയേഷന്റെ പ്രതിനിധികളുമായി നടത്തിയിട്ടുണ്ട്.

97 (1829) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന് 1996-97, 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപ വരുമാനം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ശബരിമലയിൽ നിന്നുള്ള വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പമ്പ, എരുമേലി ക്ഷേത്രങ്ങളിൽ പ്രസ്തുത കാലയളവിലെ വരുമാനം എത്രയായിരുന്നു ;

(ഡി) ഈ കാലയളവിൽ നിർമ്മാണ പ്രവൃത്തികൾക്ക് ശബരിമലയിലും പമ്പയിലും എത്ര കോടി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ശബരിമലയിലെ നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച് വിജിലൻസിനെക്കൊണ്ട് അന്വേഷിക്കണമെന്ന നിയമസഭാ പരിസ്ഥിതി കമ്മിറ്റി റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവിതാകൂർ ദേവസ്വം ബോർഡിൽ 1996-97 സാമ്പത്തിക വർഷത്തിൽ 57,47,28,712 രൂപയും 1997-98 സാമ്പത്തിക വർഷത്തിൽ 75,85,99,427 രൂപയും 1998-99 സാമ്പത്തികവർഷത്തിൽ 76,40,00,000 (പ്രൊവിഷണൽ)രൂപയും വരുമാനം ഉണ്ടായിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ശബരിമലയിൽ നിന്നുള്ള വരുമാനം താഴെ പറയും പ്രകാരമാണ്.

വർഷം	തുക	
	രൂപ	പൈസ
1996-97	34,55,72,015	52
1997-98	34,98,67,909	50
1998-99	39,96,32,616	13

(സി) പമ്പാ ദേവസ്വത്തിൽ നിന്നുള്ള വരുമാനം

വർഷം	തുക	
	രൂപ	പൈസ
1996-97	1,33,39,424	70
1997-98	1,35,72,042	52
1998-99	1,34,50,573	85

എരുമേലി ദേവസ്വത്തിൽ നിന്നുള്ള വരുമാനം

വർഷം	തുക	
	രൂപ	പൈസ
1996-97	75,95,162	01
1997-98	69,75,187	46
1998-99	93,95,675	76

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കാലയളവിൽ നിർമ്മാണ പ്രവർത്തികൾക്ക് ശബരിമല യിലും പമ്പയിലും താഴെ പറയും പ്രകാരമാണ് ചെലവഴിച്ചത്.

1996-97 വർഷം 5 കോടി രൂപയും

1997-98 വർഷം 7 കോടി രൂപയും

1998-99 വർഷം 9 കോടി രൂപയും

(ഇ) നിയമസഭാ പരിസ്ഥിതി സമിതി റിപ്പോർട്ട് സർക്കാരിന്റെ പരി ശോധനയിലാണ്. ശബരിമലയിലെ പ്രധാനപ്പെട്ട മരാമത്ത് പണികളിലെല്ലാം തന്നെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ മുൻകൂട്ടിയുള്ള അനുമതി യോടു കൂടിയാണ് നടത്തി വരുന്നത്. ഇവ ലോക്കൽഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടു മെന്റ് മുഖേനയുള്ള ഹൈക്കോടതിയുടെ ഓഡിറ്റിന് വിധേയവുമാണ് എന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

98 (1830) വാച്ച് വില്പന നടത്തിയതിലെ ക്രമക്കേട്

<u>ശ്രീ. വി. ബാലറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗ തവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം 1999 വർഷത്തിൽ ഗുരുവായൂരപ്പന്റെ ചിത്രം ആലേഖനം ചെയ്ത വാച്ച് വില്പന നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള എത്ര വാച്ചുകളാണ് വില്പനക്കായി വാങ്ങിയി ട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇത് ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്;

(ഡി) വാച്ച് വാങ്ങി വിൽക്കുന്നതിന് മുമ്പ് കമ്മീഷൻ സ്വീകരിക്കുക യുണ്ടായോ;

(ഇ) ഇതുവരെ എത്ര വാച്ചുകൾ വിൽപ്പന നടത്തി;

(എഫ്) വാച്ച് വിറ്റ ഇനത്തിൽ ദേവസ്വത്തിന് എത്ര രൂപ കമ്മീഷൻ ലഭിച്ചു;

(ജി) വിൽപ്പനയ്ക്കായി വാങ്ങിയ വാച്ചിൽ എത്ര എണ്ണം ബാക്കി ഉണ്ടെന്ന് അറിയിക്കുമോ;

(എച്ച്) ഈ വാച്ച് വിൽപ്പന സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചി ട്ടുണ്ടോ;

(ഐ) ഈ വാച്ചിന്റെ പ്രവർത്തനത്തിലും ഗുണമേന്മയിലും എന്തെ ങ്കിലും അപാകത ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ജെ) എങ്കിൽ വാച്ച് നൽകിയ കമ്പനിക്കെതിരെ എന്തെങ്കിലും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൊത്തം 395 വാച്ചുകളാണ് വിൽപ്പനയ്ക്കായി ദേവസ്വത്തെ കമ്പനി ഏൽപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly